**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 96** **23-01-2025 - ൽ മറുപടിയ്ക്ക്**

**പോക്സോ കേസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര പോക്സോ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ പിടികൂടിയിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഇത്തരം അതിക്രമങ്ങളെ തുടർന്ന് എത്ര കുട്ടികൾക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ടെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പോക്സോ കേസുകളുടെയും ഇതിൽ പ്രതികളെ പിടികൂടിയ കേസുകളുടെയും പ്രതികൾ ശിക്ഷിക്കപ്പെട്ട കേസുകളുടെയും ഇതിൽ ജീവഹാനി സംഭവിച്ച കുട്ടികളുടെ എണ്ണം വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിയമത്തെയും അവകാശങ്ങളെയും കുറിച്ച് കുട്ടികൾക്കുള്ള അജ്ഞത മൂലം പോക്സോ കേസുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും നിയമപരിരക്ഷ നിലനിൽക്കുമ്പോഴും കുട്ടികൾ തുടർച്ചയായി ചൂഷണത്തിന് വിധേയരാവുകയും ചെയ്യുന്ന സാഹചര്യത്തെ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിയമത്തെയും അവകാശങ്ങളെയും കുറിച്ച് കുട്ടികൾക്കുള്ള അജ്ഞത മൂലം പോക്സോ കേസുകൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുന്നത് ഗൗരവമായി കാണുന്നു. നിർഭയ കേരളം സുരക്ഷിത കേരളം എന്ന പദ്ധതിയിലൂടെ സ്കൂൾ കോളേജ് ക്യാമ്പസ്സുകളിൽ കുട്ടികൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നു. ജില്ലയിലെ എല്ലാ സ്കൂളുകളിലും സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് രൂപീകരിച്ചിട്ടുള്ളതും ആയത് മുഖേന ചൈൽഡ് വെൽഫയർ കമ്മിറ്റി വിദ്യാഭ്യാസ വകുപ്പ് അടക്കമുള്ളവയെ ഏകോപിപ്പിച്ച് സ്കൂളുകളിൽ കുട്ടികൾക്ക് കൗൺസിലിംഗ്, നിയമാവബോധം എന്നിവ നൽകി വരുന്നു. ജില്ലകളിൽ കുട്ടികളുടെ സുരക്ഷ ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനിൽ പ്രത്യേകം Help Desk രൂപീകരിച്ചിട്ടുള്ളതും കൂടാതെ പരാതികളും പോലീസ് സേവന ങ്ങളും ലഭിക്കുന്നതിനായി POL APP ആപ്ലിക്കേഷനും, ഏതു സമയത്തും പോലീസ് സേവനം ലഭിക്കുന്നതിനായി 112 TOLL Free ഫോൺ സൗകര്യവും, Pink Patrol സംവിധാനങ്ങളും നടപ്പിലാക്കി വരുന്നു. സ്കൂൾ തലത്തിൽ കുട്ടികൾക്കായി Chit- Chat, SPC, SPG എന്നീ പദ്ധതികളും സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിന് ജില്ലകളിൽ നിർഭയ, ക്യാപ് ഹൗസ്, വനിത ഹെൽപ് ലൈൻ, വനിത സെൽ, ചിരി ഹെൽപ് ഡസ്ക്, പിങ്ക് പോലീസ് |

| | | | |
|---|---|---|---|
| | | | പ്രോജക്റ്റ്, അപരാജിത ഓൺലൈൻ, വനിതാ സ്വയം പ്രതിരോധ പരിശീലന പദ്ധതി, കൗണ്ടർ ചൈൽഡ് സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ സെൻറർ (CCSE) One Stop Crisis Centre തുടങ്ങിയ പദ്ധതികളും, കൂടാതെ പോക്സോ കേസുകളിലെ അതി ജീവിതർക്ക് യാതൊരുവിധ ബുദ്ധിമുട്ടും ഉണ്ടാക്കരുതെന്നും അവരുടെ സ്വകാര്യത ഉറപ്പുവരുത്തുന്നതിനും എല്ലാ സ്റ്റേഷനിലും ഒരു വനിത പോലീസ് ഉദ്യോഗസ്ഥയെ Victim Laison Officer ആയി ചുമതല പ്പെടുത്തിയിട്ടുള്ളതായും അതിജീവിതയുടെ മൊഴി രേഖപ്പെടുത്തുമ്പോൾ ടിയാളുകൾക്ക് യാതൊരുവിധ മാനസിക സംഘർഷവും ഉണ്ടാകാതിരിക്കുന്നതിന് ഫോറൻസിക് ഇന്റർവ്യൂ പ്രോട്ടോക്കോൾ പാലിക്കുന്നതിന് എല്ലാ പോലീസ് സ്റ്റേഷനിലേയും പോലീസ് ഉദ്യോഗസ്ഥർക്ക് മതിയായ പരിശീലനം നൽകിയിട്ടുള്ളതായും അതി ജീവിതയുടെ മൊഴി രേഖപ്പെടുത്തുന്ന സമയം മതിയായ മാനസികവും ശാരീരികവുമായ ആരോഗ്യം ഉണ്ടെന്ന് ഉറപ്പുവരുത്തി ആയതിലേയ്ക്ക് ആവശ്യ മെങ്കിൽ മനഃശാസ്ത്രജ്ഞരുടേയും മെന്റൽ ഹെൽത്ത് കൗൺസിലർമാരുടേയും സേവനങ്ങൾ പോലീസ് സ്റ്റേഷനിൽ നിന്നും നൽകി വരുന്നു. |
| (സി) | പത്തനംതിട്ട പോക്സോ കേസ് ഉൾപ്പെടെ കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതിൽ സർക്കാർ സംവിധാനം പരാജയപ്പെടുന്നതായ ആക്ഷേപങ്ങളിൽ ഇത് പരിഹരിക്കുന്നതിനായി ആഭ്യന്തരവകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പത്തനംതിട്ട പോക്സോ കേസ് ഉൾപ്പെടെ കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്ന തിൽ സർക്കാർ സംവിധാനം പരാജയ പ്പെടുന്നതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. ഇത്തരം കേസുകളിൽ നിയമ പരമായ എല്ലാ നടപടികളും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

അനുബന്ധം -

(എ)

## സംസ്ഥാനത്ത് 20.05.2016 മുതൽ 17.01.2025 വരെ രജിസ്റ്റർ ചെയ്ത പോക്സോ കേസുകൾ

| വർഷം | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ആകെ പോക്സോ കേസുകളുടെ എണ്ണം | ഇതിൽ പ്രതിയെ പിടികൂടിയ കേസുകളുടെ എണ്ണം | ഇതിൽ പ്രതികൾ ശിക്ഷിക്കപ്പെട്ട കേസുകളുടെ എണ്ണം | ഇതിൽ ജീവഹാനി സംഭവിച്ച (ആത്മഹത്യ ഉൾപ്പെടെ) കുട്ടികളുടെ എണ്ണം |
|---|---|---|---|---|
| 25.05.2016-31.12.2016 | 1350 | 1215 | 205 | 1 |
| 2017 | 2702 | 2458 | 332 | 8 |
| 2018 | 3174 | 3011 | 375 | 3 |
| 2019 | 3634 | 3430 | 372 | 5 |
| 2020 | 3042 | 2748 | 314 | 6 |
| 01.01.2021-19.05.2021 | 1344 | 1214 | 120 | 3 |
| 20.05.2021 to 31.12.2021 | 2172 | 2061 | 204 | 5 |
| 2022 | 4518 | 4251 | 430 | 3 |
| 2023 | 4641 | 4313 | 241 | 5 |
| 2024 | 4594 | 4027 | 21 | 5 |
| 2025 up to 17.01.2025 | 271 | 175 | 0 | 0 |